# പതിമൂന്നാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 2394** **08.12.2015- ൽ മറുപടിക്ക്**

## കൈത്തറി മേഖലയുടെ നവീകരണം

| ചോദ്യം<br>ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി | ഉത്തരം<br>ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
|---|---|
| (എ) കൈത്തറി മേഖലയുടെ നവീകരണത്തിനുള്ള നടപടികൾ വിശദമാക്കുമോ; | (എ) കൈത്തറി മേഖലയുടെ നവീകരണത്തിന് നടപ്പാക്കി വരുന്ന പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) 1985 ലെ കൈത്തറി റിസർവേഷൻ ആന്റ് പ്രൊട്ടക്ഷൻ നിയമവും, ദേശീയ കൈത്തറി വികസനകോർപ്പറേഷൻ വഴി നൽകുന്ന സഹായങ്ങളും പ്രസ്തുത മേഖലയിലെ വികസനത്തിന് സഹായകമാകുന്നുണ്ടോ; വിശദമാക്കുമോ; | (ബി) ഉണ്ട്. 1985 ലെ റിവൈസ്ഡ് ആർട്ടിക്കിൾസ് പ്രൊഡക്ഷൻ ആക്ട് പ്രകാരം തെരഞ്ഞെടുക്കപ്പെട്ട 11 ഇനം ഉണിത്തരങ്ങൾ ഹാന്റ്ലൂം മേഖലയിൽ മാത്രമേ ഉൽപാദിപ്പിക്കാവൂ. ഈ ഉൽപന്നങ്ങൾ പവർലൂമിൽ ഉൽപാദിപ്പിച്ചാൽ ആ യൂണിറ്റിനെതിരെ നടപടി എടുക്കാൻ വ്യവസ്ഥയുണ്ട്. ഈ ആക്ട് പ്രകാരം പവർലൂം ഉൽപന്നങ്ങൾ കൈത്തറി മേഖലയിൽ വിപണി ചൂഷണം ചെയ്യുന്നതിൽ നിന്നും സംരക്ഷണം ലഭിക്കുന്നു.<br>ദേശീയ കൈത്തറി വികസന കോർപ്പറേഷൻ (എൻ.എച്ച്.ഡി.സി) കൈത്തറി മേഖലയിലെ നെയ്ത്തുകാർക്ക് ആവശ്യമായ എല്ലാവിധ അസംസ്കൃത വസ്തുക്കളും കുറഞ്ഞവിലയ്ക്കും സമയത്തിനും ലഭ്യമാക്കുന്നതിന് നടപടി |

| | |
|---|---|
| | സ്വീകരിക്കുന്നുണ്ട്. വിവിധ സംസ്ഥാനങ്ങൾ ഉൽപാദിപ്പിക്കുന്ന ഉൽപന്നങ്ങളിലെ വൈവിധ്യവും നൂതന ഡിസൈനുകളും മൂല്യവർദ്ധിത ഉൽപന്നങ്ങളും അവയുടെ ഉൽപാദന വിദ്യയും നെയ്ത്തുകാർക്ക് പരിചയപ്പെടുത്തുന്നതിന് അവസരം ഒരുക്കുന്നുണ്ട്. |
| (സി) കൈത്തറി തൊഴിലാളികളുടെ ആവശ്യങ്ങളെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) ഈ വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

1. നെയ്ത്തുകാർക്ക് വിദഗ്ധ പരിശീലനം നൽകുന്നു.

2. കേന്ദ്രഗവണ്മെന്റിന്റെ ക്ലസ്റ്റർ വികസന പദ്ധതി നടപ്പിലാക്കി വരുന്നു.

3. നെയ്ത്തുകാരുടെ ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് ആകർഷകമായ ഇൻസെന്റീവ് നൽകി പ്രചോദന പരിപാടി നടപ്പിലാക്കുന്നു

4. വിപണനം പ്രോത്സാഹിപ്പിക്കുന്നതിനായി വിഷു ഓണം, ക്രിസ്തുമസ് എന്നീ ഉത്സവകാലത്തോട് അനുബന്ധിച്ച് ജില്ല തോറും കൈത്തറി പ്രദർശനങ്ങൾ, വില്പനമേളകൾ എന്നിവ സംഘടിപ്പിക്കുന്നു.

5. കയറ്റുമതി പ്രോത്സാഹിപ്പിക്കുവാൻ സബ്സിഡി നൽകി വരുന്നു

6. കൈത്തറി വസ്ത്രങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനായി പ്രചരണം നടത്തി വരുന്നു

7. നിലവിലുള്ള ഷോറൂം നവീകരിക്കുന്നതിനും പുതിയ ഷോറൂം നിർമ്മിക്കുന്നതിനും സഹായം നൽകുന്നു. കഴിഞ്ഞ മൂന്നു വർഷത്തിനുള്ളിൽ 24 ഷോറൂമുകൾ നവീകരിക്കുന്നതിനും 6 പുതിയ ഷോറൂമുകൾ നിർമ്മിക്കുന്നതിനും സഹായം നൽകി.

8. ഹാന്റക്സിനും, ഹാൻവീവിനും പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾക്കും ഉത്സവ സീസണുകളിൽ 20% റിബേറ്റ് നൽകുന്നുണ്ട്. 10% മാർക്കറ്റിംഗ് ഇൻസെന്റീവും നൽകുന്നു. (5% സംസ്ഥാനം വഹിക്കുന്നു, 5% കേന്ദ്രം വഹിക്കുന്നു.)

9. ഫാക്ടറി ടൈപ്പ് പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾ പുനരുദ്ധരിക്കുന്നതിന് സഹായം നൽകുന്നു

10. കൈത്തറി നെയ്ത്തുകാർക്ക് കഴിനൂലും മറ്റ് അസംസ്കൃത വസ്തുക്കളും ന്യായവിലയ്ക്ക് യഥാസമയം ലഭിക്കുന്നതിനായി 7 യാൺ ബാങ്കുകൾ പ്രവർത്തിച്ചു വരുന്നു. ഇവയ്ക്ക് മാർജിൻമണി ലോണും നൽകി വരുന്നു.

11. പ്രാഥമിക കൈത്തറി സംഘങ്ങൾക്ക് ഓഹരി പങ്കാളിത്തം നൽകുന്നു. ഇതു വഴി പ്രവർത്തന മൂലധനം സ്വരൂപിക്കാൻ കഴിയുന്നു.

12. ഫാക്ടറിയേതര സൊസൈറ്റികളിലൂടെ നെയ്ത്തുകാർക്ക് തറി അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനായി ഗ്രാന്റ് നൽകുന്നു.

13. അസംസ്കൃത സാധനങ്ങൾ വാങ്ങുന്നതിന് സബ്സിഡി നൽകുന്നു.

14. അംശദാന മിതവ്യയ പദ്ധതിയിലൂടെ കൈത്തറി തൊഴിലാളികൾക്ക് സാമ്പത്തിക പദ്ധതി നടപ്പിലാക്കുന്നു.

15. കൈത്തറി മേഖലയിൽ കേന്ദ്ര ഗവൺമെന്റിന്റെ റിവൈവൽ, റീഫോം & റീസ്ട്രക്ചറിംഗ് പാക്കേജ് രണ്ടു ഘട്ടങ്ങളിലായി നടപ്പിലാക്കി. ഒന്നാംഘട്ടത്തിൽ 122 പ്രാഥമിക സംഘങ്ങൾക്കും 1112 വ്യക്തഗത നെയ്ത്തുകാർക്കും പദ്ധതിയുടെ പ്രയോജനം ലഭിച്ചു. രണ്ടാംഘട്ടത്തിൽ ഹാന്റക്സിനും 233 പ്രാഥമിക സംഘങ്ങൾക്കും 5 വ്യക്തഗത നെയ്ത്തുകാർക്കും പദ്ധതിയുടെ പ്രയോജനം ലഭിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ